കുത്തകകളുടെ കടന്നുകയറ്റംമൂലം ചെറുകിട വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

68 (4419) ശ്രീ. പി. ജയരാജൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. കെ. പി. പത്മനാഭൻ :
ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില്ലറ വില്പനരംഗത്ത് കുത്തകകളുടെ കടന്നുകയറ്റംമൂലം സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ;

(സി) ചില്ലറ വില്പന രംഗത്ത് വിദേശ കുത്തകകളുടെ നേരിട്ടുള്ള നിക്ഷേപം പ്രോത്സാഹിപ്പിക്കുന്ന വ്യവസായ നയം കേന്ദ്ര സർക്കാർ ആവിഷ്ക്കരിക്കുമെന്ന കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രിയുടെ പ്രഖ്യാപനം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ കേരളത്തിന്റെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചില്ലറ വ്യാപാര രംഗത്തേക്ക് വൻകിട കുത്തക വ്യാപാര സ്ഥാപനങ്ങളുടെ കടന്നുവരവിന് നിയന്ത്രണം ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും പഠിച്ച് റിപ്പോർട്ട് നൽകാൻ സർക്കാർ നിയോഗിച്ച നിയമം, തദ്ദേശസ്വയംഭരണം, ഭക്ഷ്യ പൊതുവിതരണം, പരിസ്ഥിതി, വ്യവസായം എന്നീ വകുപ്പ് സെക്രട്ടറിമാരുടെ കമ്മിറ്റി സമർപ്പിച്ച ശുപാർശകൾ സർക്കാർ പരിശോധിച്ചു വരികയാണ്. കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപിത സാമ്പത്തിക നയത്തിന്റെ ഭാഗമാണ് ഇത്തരം കുത്തകകളെ പ്രോത്സാഹിപ്പിക്കുക എന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമായ ലൈസൻസ് നൽകാനുള്ള അധികാരം വിനിയോഗിക്കാൻ കഴിയുമോ എന്ന് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇക്കാര്യത്തിൽ ഔദ്യോഗികമായ അറിയിപ്പുകളൊന്നും കേന്ദ്ര സർക്കാരിൽനിന്ന് ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly